## മധുരമായ കുട്ടികളെ - മനുഷ്യർ ശരീരത്തിന്റെ ഉന്നതിയുടെ പദ്ധതിയാണ് രചിക്കുന്നത്, ആത്മാവിന്റെ ഉന്നതിയുടെ അഥവ കയറ്റത്തിന്റെ പദ്ധതി ബാബ മാത്രമാണ് പറഞ്ഞ് തരുന്നത് - ഇത് ബാബയുടെ മാത്രം ഉത്തരവാദിത്വമാണ്

**ചോദ്യം:-** സദാ കുട്ടികളുടെ ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കണം അതിന് വേണ്ടി ബാബ ഏതൊരു ശ്രീമത്താണ് നൽകുന്നത്?

**ഉത്തരം:-** കുട്ടികളെ തന്റെ ഉന്നതിക്ക് വേണ്ടി 1- സദാ ഓർമ്മയുടെ യാത്രയിലിരിക്കൂ. ഓർമ്മയിലൂടെ മാത്രമാണ് ആത്മാവിന്റെ കറ പോകുന്നത്. 2- ഒരിക്കലും കഴിഞ്ഞതിനെക്കുറിച്ച് ചിന്തിക്കുകയും വരാനിരിക്കുന്നതിൽ ആശയും വയ്ക്കരുത്. 3- ശരീര നിർവ്വാഹാർത്ഥം കർമ്മം ചെയ്യൂ എന്നാൽ എപ്പോൾ സമയം ലഭിച്ചാലും പാഴാക്കരുത്. 4- കുറഞ്ഞത് 8 മണിക്കൂർ ഈശ്വരീയ സേവനം ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കും.

**ഓം ശാന്തി.** ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് അഥവ ആത്മാക്കൾക്ക് മനസ്സിലാക്കിത്തരികയാണ്, മനുഷ്യർ പറയുന്നു ആത്മാവിന്റെ ഉത്തരവാദിത്വം പരമാത്മാവിനാണ്. അവർക്കാണ് എല്ലാ ആത്മാക്കളുടെയും ഉന്നതിക്കും മനസ്സിന്റെ ശാന്തിക്കും വേണ്ടിയുമുള്ള വഴി പറഞ്ഞ് തരാൻ സാധിക്കുന്നത്. ആത്മാവിരിക്കുന്നത് ഭൃകുടിയിൽ എല്ലാത്തിൽ നിന്നും വേറിട്ടാണ്. പൊതുവെ രോഗമുണ്ടാകുന്നത് ശരീരത്തിലാണ്. ഭൃകുടിയിലല്ല. ഇനി തലയിൽ വേദനയുണ്ടാകാം എന്നാലും ആത്മാവിന്റെ ഇരിപ്പിടം ഏതാണോ അവിടെ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല കാരണം ആ ഇരിപ്പിടത്തിലാണ് ആത്മാവ് വിരാജിക്കുന്നത്. ഇപ്പോൾ ആത്മാവിന് ഉന്നതി അഥവ ശാന്തി നൽകുന്ന സർജൻ ഒരു പരമാത്മാവ് മാത്രമാണ്. എപ്പോഴാണോ ആത്മാവിന്റെ ഉന്നതി ഉണ്ടാകുന്നത് അപ്പോഴാണ് ആത്മാവിന് ആരോഗ്യവും സമ്പത്തും ലഭിക്കുന്നത്. ശരീരത്തെ എന്തെല്ലാം ചെയ്താലും അതിലൂടെ ഒരു ഉന്നതിയും ഉണ്ടാകില്ല. ശരീരത്തിനാണെങ്കിൽ എന്തെങ്കിലും പ്രശ്നം ഉണ്ടായിരിക്കും. ആത്മാവിന്റെ ഉന്നതി ബാബയ്ക്കല്ലാതെ ആർക്കും ചെയ്യാൻ സാധിക്കില്ല. മറ്റെല്ലാവരും ലോകത്തിൽ ശരീരത്തിന്റെ ഉന്നതിക്കുള്ള പദ്ധതിയാണ് രചിക്കുന്നത്, അല്ലാതെ ആത്മാവിന്റെ ഉയരുന്ന കല അഥവ ഉന്നതി ഉണ്ടാകുന്നതേയില്ല. അത് ബാബ മാത്രമാണ് പഠിപ്പിക്കുന്നത്. മുഴുവൻ ആധാരവും ആത്മാവിലാണ്. ആത്മാവ് തന്നെയാണ് 16 കലയുള്ളതാകുന്നതും പിന്നീട് ആത്മാവ് തന്നെയാണ് കലാ രഹിതമാകുന്നതും. 16 കലകളുള്ളതാകുന്നു പിന്നീട് കലകൾ എങ്ങനെയാണ് കുറയുന്നത്, ഇതും ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ പറയുന്നു സത്യയുഗത്തിൽ നിങ്ങൾക്ക് വളരെ സുഖമായിരുന്നു. ആത്മാവ് ഉയർന്ന കലയിലായിരുന്നു മറ്റ് സത്സംഗങ്ങളിൽ ആത്മാവിന്റെ ഉന്നതി എങ്ങനെ ഉണ്ടാകും- ഈ കാര്യം മനസ്സിലാക്കിത്തരുന്നില്ല. അവർ ഭൗതീക ലഹരിയിലാണ് കഴിയുന്നത്. ദേഹാഭിമാനമാണ്, ബാബ നിങ്ങളെ ദേഹീ-അഭിമാനിയാക്കുന്നു. ആത്മാവ് തമോപ്രധാനമായി ഇനി അതിനെ സതോപ്രധാനമാക്കണം. ഇവിടെ എല്ലാം ആത്മീയ കാര്യങ്ങളാണ്. അവിടെ ഭൗതീക കാര്യങ്ങളാണ്. ഡോക്ടർമാർ ഒരു ഹൃദയമെടുത്ത് മാറ്റി അടുത്തത് വെച്ചുകൊടുക്കാറുണ്ട്. അതിന് ആത്മാവുമായി ഒരു ബന്ധവുമില്ല. ആത്മാവ് ഭൃകുടിയിലാണ് ഇരിക്കുന്നത്, അതിന്റെ ഓപ്പറേഷൻ മുതലായവയൊന്നും ഉണ്ടാകുന്നില്ല.

ശരി ബാബ മനസ്സിലാക്കിത്തരികയാണ് ആത്മാവിന്റെ ഉന്നതി ഒരു പ്രാവശ്യം മാത്രമാണ് ഉണ്ടാകുന്നത്. ആത്മാവ് എപ്പോഴാണോ തമോപ്രധാനമാകുന്നത് അപ്പോഴാണ് ആത്മാവിന്റെ ഉന്നതി ചെയ്യുന്ന ബാബ വരുന്നത്. ബാബയെ കൂടാതെ ഒരാത്മാവിന്റെയും ഉയരുന്ന കല ഉണ്ടാകുകയില്ല. ബാബ പറയുകയാണ് ഈ അപവിത്ര ആത്മാക്കൾക്ക് എന്റെ അടുത്ത് വരാൻ സാധിക്കില്ല. നിങ്ങളുടെ അടുത്തേയ്ക്ക് ആരെങ്കിലും വരുമ്പോൾ ശാന്തി എങ്ങനെ ലഭിക്കും അഥവ ഉന്നതി എങ്ങനെ ഉണ്ടാകും? എന്നു ചോദിക്കുന്നു. എന്നാൽ ഇതറിയുന്നില്ല അതായത് ഉന്നതിക്ക് ശേഷം നമ്മളെങ്ങോട്ട് പോകും, എന്ത് സംഭവിക്കും? വിളിക്കുന്നുണ്ട് പതിതത്തിൽ നിന്ന് പാവനമാക്കൂ. ജീവൻ മുക്തിധാമത്തിലേക്ക് കൊണ്ട് പോകൂ. അപ്പോൾ ആത്മാവിനെ തന്നെയല്ലേ കൊണ്ട് പോകുക. ശരീരം അതിവിടെ അവസാനിക്കും. എന്നാൽ ഈ കാര്യങ്ങൾ ആരുടെയും ബുദ്ധിയിലില്ല. ഇതാണ് ഈശ്വരീയ മതം. ബാക്കി അതെല്ലാം മനുഷ്യ മതമാണ്. ഈശ്വരീയ മതത്തിലൂടെ ഒറ്റയടിക്ക് ആകാശത്തിലേക്ക് ഉയരുന്നു- ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും. പിന്നീട് ഡ്രാമയനുസരിച്ച് താഴേക്കും ഇറങ്ങുക തന്നെ വേണം. ആത്മാവിന്റെ ഉന്നതിക്കായി ബാബയല്ലാതെ വേറൊരു സർജനുമില്ല. സർജൻ പിന്നീട് നിങ്ങളെയും തനിക്ക് സമാനമാക്കുന്നു. ചിലർ വളരെ പേരുടെ ഉന്നതി ചെയ്യുന്നുണ്ട്, ചിലർ മീഡിയം, ചിലർ തേഡായി മറ്റുള്ളവരുടെ ഉന്നതി ചെയ്യുന്നുണ്ട്.

ആത്മാക്കളുടെ ഉന്നതിയുടെ ഉത്തരവാദി ഒരേ ഒരു ബാബയാണ്. ലോകത്തിൽ ഒരാൾക്കും ഇതറിയില്ല. ബാബ പറയുന്നു ഈ സന്യാസി മുതലായവരെ പോലും ഉദ്ദരിക്കാൻ വേണ്ടിയാണ് ഞാൻ വരുന്നത്. ആദ്യം ആത്മാവ് എപ്പോഴാണോ വരുന്നത് അപ്പോൾ പവിത്രമായി തന്നെയാണ് വരുന്നത്. ഇപ്പോൾ ബാബ വന്നിരിക്കയാണ് എല്ലാവരുടെയും ഉന്നതി ചെയ്യുന്നതിന്. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് നോക്കൂ നിങ്ങളുടെ എത്ര ഉന്നതിയാണ് ഉണ്ടാകുന്നത്. അവിടെ നിങ്ങൾക്ക് ശരീരവും ഫസ്റ്റ്ക്ലാസ്സാണ് ലഭിക്കുന്നത്. ബാബ തന്നെയാണ് അവിനാശി സർജൻ. ബാബ വന്ന് നിങ്ങളുടെ ഉന്നതി ചെയ്യുന്നു. അങ്ങനെ നിങ്ങൾ ഉയർന്നതിലും ഉയർന്ന തന്റെ മധുരമായ വീട്ടിലേക്ക് പോകും. അവർ ചന്ദ്രനിലേക്കാണ് പോകുന്നത്. അവിനാശി സർജൻ നിങ്ങൾക്ക് ഉന്നതി പ്രാപ്തമാക്കിത്തരുന്നതിന് വേണ്ടി പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ബാബ വിശ്വത്തിലെ കുട്ടികളെ മുക്തമാക്കുകയാണ്. എപ്പോഴാണോ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നത് അപ്പോൾ എല്ലാവരും ശാന്തി ധാമത്തിലായിരിക്കും. ബാബ എത്ര അദ്ഭുതകരമായ കാര്യമാണ് ചെയ്യുന്നത്. അദ്ഭുതമാണ് ബാബയുടേത്! അപ്പോഴാണ് പറയുന്നത് നിന്റെ ഗതിയും മതവും നിനക്ക് മാത്രമേ അറിയൂ. ആത്മാവിൽ തന്നെയാണ് മതമുള്ളത്. ആത്മാവ് വേറിടുകയാണെങ്കിൽ മതം ലഭിക്കുക സാധ്യമല്ല. ഈശ്വരീയ മതത്തിലൂടെ കയറുന്ന കല, മനുഷ്യ മതത്തിലൂടെ ഇറങ്ങുന്ന കല- ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അവർ മനസ്സിലാക്കുന്നത് ഇപ്പോൾ ഇത് സ്വർഗ്ഗമാണ് എന്നാണ്. മുന്നോട്ട് പോകുമ്പോൾ മനസ്സിലാകും ഇത് നരകമാണോ അതോ സ്വർഗ്ഗമാണോ എന്ന്. ഭാഷയുടെ പേരിൽ എത്ര ബഹളങ്ങളാണ് ഉണ്ടാക്കുന്നത്. ദുഃഖമല്ലേ. സ്വർഗ്ഗത്തിൽ ദുഃഖം ഉണ്ടാകില്ല. ഭൂകമ്പവും ഉണ്ടാകില്ല. ഇപ്പോൾ പഴയ ലോകത്തിന്റെ വിനാശം ഉണ്ടാകണം പിന്നീട് സ്വർഗ്ഗമായിത്തീരും. പിന്നീട് അരകൽപത്തിനുശേഷം അതും അപ്രത്യക്ഷമാകുന്നു. പറയുന്നുണ്ട് ദ്വാരക സമുദ്രത്തിന് അടിയിലേക്ക് പോയി. സ്വർണ്ണത്തിന്റെ സാധനങ്ങൾ താഴേക്ക് ആഴ്ന്ന് പോയി. അത് തീർച്ചയായും ഭൂകമ്പത്തിലൂടെയാണ് താഴേക്ക് പോകുക. സമുദ്രത്തെ ഖനനം ചെയ്തല്ല കണ്ടെത്തുക. ഭൂമിയെയാണ് ഖനനം ചെയ്യുന്നത്, അവിടെ നിന്നാണ് സാധനങ്ങൾ കണ്ടെത്തുന്നത്.

ബാബ പറയുന്നു ഞാൻ എല്ലാവരുടേയും ഉപകാരം ചെയ്യുന്നു. എനിക്ക് പിന്നീട് എല്ലാവരും അപകാരം ചെയ്യുന്നു, ഗ്ലാനി നൽകുന്നു. ഞാനാണെങ്കിൽ അപകാരിയുടെ പോലും ഉപകാരം ചെയ്യുന്നു, അതുകൊണ്ട് എനിക്ക് തീർച്ചയായും മഹിമയാണ് ഉണ്ടായിരിക്കേണ്ടത്. ഭക്തി മാർഗ്ഗത്തിൽ നോക്കൂ എത്ര ആദരവാണുള്ളത്. നിങ്ങൾ കുട്ടികളും ബാബയുടെ എത്ര മഹിമയാണ് ചെയ്യുന്നത്. ചിത്രത്തിൽ 32 ഗുണം കാണിച്ചിട്ടുണ്ട്. ഇപ്പോൾ നിങ്ങളും ബാബയെപ്പോലെ ഗുണവാനായി മാറിക്കൊണ്ടിരിക്കുകയാണ് അപ്പോൾ എത്ര പുരുഷാർത്ഥം ചെയ്യേണ്ടതായുണ്ട്. സമയം വേസ്റ്റാക്കരുത്. വളരെ ഉയർന്ന ബാബയാണ് പഠിപ്പിക്കുന്നത് അതുകൊണ്ട് ദിവസവും തീർച്ചയായും പഠിക്കണം. ഇത് അവിനാശിയായ അച്ഛനുമാണ്, ടീച്ചറുമാണ്, അന്തിമത്തിൽ വരുന്നവർ പഴയവരെക്കാളും വേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. ഇപ്പോൾ മുഴുവൻ ലോകത്തിന്റെയും ഉന്നതി ബാബയിലൂടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ശ്രീകൃഷ്ണനെപ്പോലും ഗുണവാനാക്കി മാറ്റുന്നത് ബാബയാണ്, എല്ലാവർക്കും നൽകുന്നവനാണ്. ബാക്കി എല്ലാവരും എടുക്കുകയാണ്. ഇവിടെ കുലം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്- നമ്പർവൈസ് പുരുഷാർത്ഥത്തിലൂടെ. പരിധിയില്ലാത്ത ബാബയെ നോക്കൂ എത്ര മധുവും സ്നേഹിയുമാണ്. ഉയർന്നതിലും ഉയർന്ന ബാബയിലൂടെ എല്ലാവരുടെയും ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബാക്കി എല്ലാവർക്കും ഏണിപ്പടി ഇറങ്ങണം. അദ്ഭുതമാണ് ബാബയുടേത്. കഴിക്കൂ, കുടിക്കൂ എല്ലാം ചെയ്യൂ കേവലം ബാബയുടെ ഗുണം പാടൂ. ഇങ്ങനെയല്ല, ബാബയുടെ ഓർമ്മയിലിരുന്ന് ഭക്ഷണം കഴിക്കാൻ സാധിക്കില്ല. രാത്രിയിൽ വളരെയധികം സമയം ലഭിക്കുന്നുണ്ട്. 8 മണിക്കൂർ എന്തായാലും സമയമുണ്ട്. ബാബ പറയുന്നു ഏറ്റവും കുറഞ്ഞത് 8 മണിക്കൂർ ഈ ഗവൺമെന്റിന്റെ സേവനം ചെയ്യൂ. ആര് വന്നാലും അവർക്ക് ആത്മാവിന്റെ ഉന്നതിക്ക് വേണ്ടിയുള്ള വഴി പറഞ്ഞ് കൊടുക്കൂ. ജീവൻമുക്തിയെന്നാൽ വിശ്വത്തിന്റെ അധികാരി, മുക്തിയെന്നാൽ ബ്രഹ്മാണ്ഢത്തിന്റെ അധികാരി. ഇത് മനസ്സിലാക്കിക്കൊടുക്കുക വളരെ സഹജമല്ലേ. എന്നാൽ ഭാഗ്യത്തിലില്ലെങ്കിൽ എന്ത് ചെയ്യാൻ സാധിക്കും.

ബാബ മനസ്സിലാക്കിത്തരികയാണ് ബാബയുടെ ഓർമ്മയെകൂടാതെ ആത്മാവിന്റെ കറ പോകില്ല. ഇനി ജ്ഞാനം മുഴുവൻ ദിവസം കേട്ടാലും ആത്മാവിന്റെ ഉന്നതിയുടെ ഉപായം ഓർമ്മയെ കൂടാതെ മറ്റൊന്നുമില്ല. ബാബ കുട്ടികൾക്ക് വളരെ സ്നേഹത്തോടെ ഓരോ ദിവസവും മനസ്സിലാക്കിത്തരുന്നുണ്ട് എന്നാൽ തന്റെ ഉന്നതി ചെയ്യുന്നുണ്ടോ ഇല്ലയോ, അത് ഓരോരുത്തർക്കും സ്വയം മനസ്സിലാക്കാൻ സാധിക്കും. ഇത് കോവലം നിങ്ങൾ മാത്രമല്ല കേൾക്കുന്നത് എന്നാൽ മുഴുവൻ സെന്ററിലുള്ള കുട്ടികളും കേൾക്കുന്നുണ്ട്. ഈ ടേപ്പ് വച്ചിട്ടുണ്ട്. ഇതും തന്നിൽ ശബ്ദം നിറച്ചുപോകുന്നു- സേവനത്തിന്. ഇത് വളരെ സേവനം നൽകുന്നുണ്ട്. കുട്ടികൾ മനസ്സിലാക്കുന്നു ശിവബാബയുടെ മുരളിയാണ് നമ്മൾ കേൾക്കുന്നത്. നിങ്ങളി

ലൂടെ കേൾക്കുമ്പോൾ ഇൻഡയരക്റ്റാകുന്നു പിന്നീട് ഇവിടെ വരുന്നു ഡയരക്ട് കേൾക്കുന്നതിന് വേണ്ടി. വീണ്ടും ബാബ ബ്രഹ്മാ മുഖത്തിലൂടെ കേൾപ്പിക്കുകയാണ് അഥവ മുഖത്തിലൂടെ ജ്ഞാനാമൃതം നൽകുകയാണ്. ഈ സമയം ലോകം തമോപ്രധാനമായിരിക്കുന്നു അതുകൊണ്ട് അതിന് മേൽ ജ്ഞാനത്തിന്റെ മഴ ആവശ്യമാണ്. ഈ വെള്ളത്തിന്റെ മഴ വളരെ ഉണ്ടാകുന്നുണ്ട്. ആ വെള്ളത്തിലൂടെ ആർക്കും പാവനമാകാൻ സാധിക്കില്ല. ഇത് മുഴുവൻ ജ്ഞാനത്തിന്റെ കാര്യമാണ്.

ബാബ പറയുന്നു ഇപ്പോൾ ഉണരൂ, ഞാൻ നിങ്ങളെ ശാന്തിധാമത്തിലേക്ക് കൊണ്ട് പോകുകയാണ്. ആത്മാവിന്റെ ഉന്നതിയും ഇതിലുണ്ട്, ബാക്കി എല്ലാം ഭൗതീക കാര്യങ്ങളാണ്. ആത്മീയ കാര്യങ്ങൾ കേവലം നിങ്ങൾ മാത്രമാണ് കേൾക്കുന്നത്. കോടിപതിയും, ഭാഗ്യശാലിയുമായി കേവലം നിങ്ങൾ മാത്രമാണാകുന്നത്. ബാബയാണ് ദരിദ്രരുടെ നാഥൻ. ദരിദ്രർ തന്നെയാണ് കേൾക്കുന്നത്, അപ്പോഴാണ് ബാബ പറയുന്നത് അഹല്യകൾക്കും, വേശ്യകൾക്കും മനസ്സിലാക്കിക്കൊടുക്കൂ. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകില്ല. അതാണ് പരിധിയില്ലാത്ത ശിവാലയം. ഇപ്പോളിത് പരിധിയില്ലാത്ത വേശ്യാലയം, തീർത്തും തമോപ്രധാനമാണ്. ഇതിനെക്കാളും കൂടിയ മാർജിൻ ഇല്ല. ഇപ്പോൾ ഈ പഴയ ലോകത്തിന് പരിവർത്തനം ഉണ്ടാകണം. ഭാരതത്തിലാണ് രാമ രാജ്യവും രാവണ രാജ്യവും ഉണ്ടാകുന്നത്. എപ്പോഴാണോ അനേകം ധർമ്മങ്ങളുണ്ടാകുന്നത് അപ്പോഴാണ് അശാന്തി ഉണ്ടാകുന്നത്. യുദ്ധം അത് ഉണ്ടായിക്കൊണ്ടേയിരിക്കുന്നുണ്ട്. ഇപ്പോഴാണെങ്കിൽ കൂടുതൽ ശക്തിയോടെ യുദ്ധമുണ്ടാകും. കടുത്ത യുദ്ധം ആരംഭിച്ച് പിന്നീട് തടസ്സപ്പെടും എന്തുകൊണ്ടെന്നാൽ രാജധാനിയും സ്ഥാപിക്കണം, കർമ്മാതീത അവസ്ഥയുമാകണം. ഇപ്പോഴാണെങ്കിൽ ആർക്കും പറയാൻ സാധിക്കില്ല. ആ അവസ്ഥ വരുമ്പോൾ പഠിത്തം പൂർത്തിയാകും. പിന്നീട് ട്രാൻസ്ഫറാകും– തന്റെ പുരുഷാർത്ഥമനുസരിച്ച്. ഈ വൈക്കോൽ കൂനയ്ക്ക് തീ പിടിക്കുകതന്നെ വേണം. വളരെ പെട്ടന്ന് വിനാശം സംഭവിക്കും. അതിനെയാണ് രക്തച്ചൊരിച്ചിലിന്റെ കളിയെന്ന് പറയുന്നത്. കളിക്കാരെല്ലാം മരിക്കും. രക്തത്തിന്റെ നദികൾ ഒഴുകും. പിന്നീട് നെയ്യിന്റെയും പാലിന്റെയും നദികൾ ഒഴുകും. നിലവിളിക്ക് ശേഷം ജയജയാരവമായിരിക്കും. ബാക്കി എല്ലാവരും അജ്ഞാനത്തിന്റെ നിദ്രയിൽ ഉറങ്ങി –ഉറങ്ങിത്തന്നെ അവസാനിക്കും. വളരെ യുക്തിയോടെയാണ് സ്ഥാപന ഉണ്ടാകുന്നത്. വിഘ്നവും ഉണ്ടാകും, അത്യാചാരവും ഉണ്ടാകും. ഇപ്പോൾ മാതാക്കളിലൂടെ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുകയാണ്. പുരുഷൻമാരും വളരെയുണ്ട് എന്നാൽ മാതാവ് ജന്മം നൽകുന്നതുകൊണ്ട് അവർക്ക് പുരുഷനെക്കാളും മാർക്ക് കൂടുതൽ ലഭിക്കുന്നു. സ്വർഗ്ഗത്തിൽ നമ്പർവൈസ് എല്ലാവരും പോകും ചിലർക്ക് 2 ജന്മം പുരുഷന്റേതും എടുക്കാൻ സാധിക്കും, കണക്കെന്താണോ ഡ്രാമയിലുള്ളത് അതുണ്ടാകും. ആത്മാവിന്റെ ഉന്നതി ഉണ്ടാകുന്നതിലൂടെ എത്ര വ്യത്യാസമാണ് ഉണ്ടാകുന്നത്. ചിലർ തീർത്തും ഉയർന്നതാകുന്നു ചിലർ തീർത്തും താഴ്ന്നതും. രാജാവ് എവിടെക്കിടക്കുന്നു പ്രജ എവിടെക്കിടക്കുന്നു.

മധുര–മധുരമായ കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തരികയാണ് ഇപ്പോൾ പുരുഷാർത്ഥം ചെയ്യൂ. യോഗത്തിലൂടെ പവിത്രമാകൂ അപ്പോൾ ധാരണ ഉണ്ടാകും. ലക്ഷ്യം വളരെ ഉയർന്നതാണ്. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. ആത്മാവിന് പരമാത്മാവിനോട് സ്നേഹമില്ലേ. ഇതാണ് ആത്മീയ സ്നേഹം, അതിലൂടെ ആത്മാവിന്റെ ഉന്നതി ഉണ്ടാകുന്നു. ഭൗതീക സ്നേഹത്തിലൂടെ വീണ് പോകുന്നു. ഭാഗ്യത്തിലില്ലെങ്കിൽ ഓടിപ്പോകുന്നു. യജ്ഞത്തെ വളരെ സംരക്ഷിക്കണം. മാതാക്കളുടെ ഓരോ അണയിലൂടെയുമാണ് യജ്ഞത്തിന്റെ സേവനം നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ദരിദ്രർ തന്നെയാണ് ധനവാനാകുന്നത്. മുഴുവൻ ആധാരവും പഠിത്തത്തിലാണ്. നിങ്ങൾ ഇപ്പോൾ സദാ സുമംഗലിയാകുന്നു– ഈ ഫീലിങ് എല്ലാവർക്കും വരുന്നുണ്ട്. മാലയിലെ മുത്താകുന്നവർക്ക് എത്ര നല്ല ഫീലിങ് വേണം. ശിവബാബയെ ഓർമ്മിച്ചുകൊണ്ട്, സേവനം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ വളരെ ഉന്നതി ഉണ്ടാകും. ശിവബാബയുടെ സേവനത്തിൽ ശരീരവും ബലി നൽകേണ്ടതായുണ്ട്. മുഴുവൻ ദിവസവും ലഹരി ഉണ്ടായിരിക്കണം– ഇത് ചിറ്റമ്മയുടെ വീട്ടിലേക്ക് പോകലല്ല. നോക്കണം ഞാൻ എത്രത്തോളം എന്റെ ഉന്നതി ചെയ്തിട്ടുണ്ട്. ബാബ പറയുന്നു – കഴിഞ്ഞ് പോയതിനെ ഓർമ്മിക്കരുത്. മുന്നോട്ടുള്ളതിന്റെ ആശയും വയ്ക്കരുത്. ശരീര നിർവ്വഹാർത്ഥം കർമ്മം ചെയ്യണം. എത്ര സമയം ലഭിക്കുന്നോ അതിൽ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ബാബ ബന്ധനസ്തർക്കും മനസ്സിലാക്കിത്തരികയാണ് അതായത് നിങ്ങൾ പതിക്ക് വളരെ നമ്രതയോടെ മനസ്സിലാക്കി കൊടുക്കണം, ആരെങ്കിലും അടിച്ചാൽ അവരിൽ പുഷ്പ വൃഷ്ടി നടത്തൂ. സ്വയത്തെ രക്ഷിക്കാനുള്ള വളരെ യുക്തി വേണം. കണ്ണുകൾ വളരെ ശീതളമായിരിക്കണം. ഒരിക്കലും ഇളകരുത്. ഇതിൻമേലാണ് അംഗദന്റെ ഉദാഹരണമുള്ളത്, തീർത്തും അചഞ്ചലനായിരുന്നു. നിങ്ങളെല്ലാവരും മഹാവീരനാണ്, എന്ത് കഴിഞ്ഞ് പോയോ അതിനെ ഓർമ്മിക്കരുത്. സദാ ഹർഷിതമായിരിക്കണം. ഡ്രാമയിൽ ഉറച്ച് വിശ്വസിക്കണം. ബാബ സ്വയം പറയുകയാണ് ഞാനും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. വേറെ ഒരു കാര്യവുമില്ല.

കൃഷ്ണനെക്കുറിച്ച് എഴുതി വച്ചിട്ടുണ്ട് സ്വദർശന ചക്രം കൊണ്ട് വധിച്ചു. ഇതെല്ലാം കഥകളാണ്. ബാബയ്ക്ക് ഹിംസ ചെയ്യാൻ സാധിക്കില്ല. ബാബ അച്ഛനും ടീച്ചറുമാണ്, കൊല്ലുന്നതിന്റെ കാര്യമില്ല. ഈ കാര്യങ്ങളെല്ലാം ഈ സമയത്തേതാണ്. ഒരു വശത്ത് അനേകം മനുഷ്യരുണ്ട് മറുവശത്ത് നിങ്ങളാണ്, ആർക്ക് വരേണ്ടതായുണ്ടോ അവർ വന്നുകൊണ്ടിരിക്കും. കൽപം മുൻപത്തേത് പോലെ പദവി നേടിക്കൊണ്ടിരിക്കും. ഇതിൽ അദ്ഭുതത്തിന്റെ കാര്യമൊന്നുമില്ല. ബാബ ദയാഹൃദയനാണ്, ദുഃഖ ഹർത്താ സുഖ കർത്താവാണ്, പിന്നെങ്ങനെ ദുഃഖം നൽകും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. ഏറ്റവും കുറഞ്ഞത് 8 മണിക്കൂർ ഈശ്വരീയ ഗവൺമെന്റിന്റെ സേവനം ചെയ്ത് തന്റെ സമയം സഫലമാക്കണം. ബാബയെപ്പോലെ ഗുണവാനാകണം.

2. എന്താണോ കഴിഞ്ഞത് അതിനെ ഓർമ്മിക്കരുത്. കഴിഞ്ഞതിന് വിട നൽകി സദാ ഹർഷിതമായിരിക്കണം. ഡ്രാമയിൽ ഉറച്ച് കഴിയണം.

## വരദാനം :– സങ്കല്പം, വാക്ക്, കർമ്മം ഇവയെ വ്യർത്ഥത്തിൽ നിന്നും സമർത്ഥതയിലേക്ക് പരിവർത്തനം ചെയ്യുന്നവരായ ഹോളി ഹംസമായി ഭവിക്കു.

ഹോളി ഹംസത്തിന്റെ അർത്ഥമാണ് സങ്കല്പം, വാക്ക് , കർമ്മം ഇവയെ സമർത്ഥമായി പരിവർത്തനം ചെയ്യുന്നവർ കാരണം വ്യർത്ഥ കല്ലു പോലെയാണ് കല്ല് യാതൊരു വിലയുമില്ലത്തതാണ് രത്നത്തിനാണ് വിലയുള്ളത്. ഹോളി ഹംസമായിരിക്കുന്നവർക്ക് പെട്ടെന്ന് തന്നെ തിരിച്ചറിയാൻ സാധിക്കും ഇത് ഉപയോഗിക്കപറ്റുന്ന വസ്തു അല്ല, ഇത് ഉപയോഗിക്കാവുന്നതാണ് കർമ്മം ചെയ്തും കേവലം ഈ സ്മൃതി ഉ□ായിരിക്കണം നമ്മൾ രാജിയോഗീ നോളജ് ഫുള്ളായ ആത്മാക്കൾ റൂളിംഗ് പവറും ക?ട്രോളിങ് പവറും ഉള്ളവരാണ്, അവർക്ക് വ്യർത്ഥത്തിലേക്ക് പോകാൻ സാധിക്കില്ല. ഈ സ്മൃതിയാണ് ഹോളി ഹംസമാക്കി മാറ്റുന്നത്

## സ്ലോഗൻ :– ആരാണോ സ്വയത്തെ ഈ ദേഹമാകുന്ന വീട്ടിൽ അതിഥിയാണെന്ന് മനസ്സിലാക്കുന്നത് അവർക്ക് നിർമോഹിയായിരിക്കാൻ സാധിക്കും.

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് സ്ഥിതിയുടെ അനുഭവം ചെയ്യു**

എങ്ങനെയാണൊ നടക്കുമ്പോഴും കറങ്ങുമ്പോഴും മുഴുവൻ ദിവസത്തിലും ട്രാഫിക് ക?ട്രോൾ സമയത്ത് നിർബന്ധമായും മൂന്ന് മിനിട്ട് സൈലൻസിന്റെ പ്രാക്ടീസ് ചെയ്യാറുള്ളത്. ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളെയും നിർത്തിവെക്കാറുള്ളത് അതേപോലെ താങ്കൾ ഏത് കാര്യം ചെയ്യുമ്പോഴും ഇടയ്ക്കിടയ്ക്ക് സങ്കല്പങ്ങളുടെ ട്രാഫിക് സ്റ്റോപ്പ് ചെയ്യാനുള്ള അഭ്യാസം ചെയ്യു. ഒരു മിനിട്ടിലേക്ക് മനസ്സിന്റെ സങ്കൽപ്പങ്ങളെയും ശരീരത്തിലൂടെ ചെയ്തു കൊണ്ടിരിക്കുന്ന കർമ്മത്തിന്റെയും ഇടക്ക് നിർബന്ധമായും തന്റെ ഫരിസ്താ സ്വരൂപത്തിന്റെ സ്ഥിതിയിൽ സ്ഥിതിചെയ്യു.